ഉത്തരം

(എ) ഓരോ സബ് സെന്ററിനും വൈദ്യുതി ചാർജ്ജ് ഇനത്തിൽ പ്രതിമാസം 30 രൂപയാണ് അനുവദിക്കുന്നത്. 2001-2002 വർഷത്തിൽ മലപ്പുറം ജില്ലയ്ക്ക് 11,000 രൂപയും, കോഴിക്കോട് ജില്ലയ്ക്ക് 17,000 രൂപയും 2002-2003 വർഷത്തിൽ മലപ്പുറം ജില്ലയ്ക്ക് 11,000 രൂപയും കോഴിക്കോട് ജില്ലയ്ക്ക് 19,000 രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കുടുംബക്ഷേമ കേന്ദ്രങ്ങൾക്ക് ഓഫീസ് ആവശ്യത്തിലേക്കുള്ള വൈദ്യുതി നിരക്കിലാണ് ഇപ്പോൾ ചാർജ്ജ് ഈടാക്കിവരുന്നത്. ഇതിന് പരിഹാരമെന്ന നിലയിൽ ഇപ്പോഴത്തെ കണക്ഷൻ ഓഫീസ്മുറിക്ക് മാത്രമായി പരിമിതപ്പെടുത്തി ഗാർഹിക ആവശ്യത്തിലേക്ക് മറ്റൊരു കണക്ഷൻ (എൽ.ടി.1എ) ഡൊമസ്റ്റിക് താരിഫ് പ്രകാരം സബ് സെന്ററിന് ഏർപ്പെടുത്തേണ്ടതായുണ്ട്. ഇക്കാര്യം സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡുമായി കൂടിയാലോചിച്ച് തീരുമാനിക്കേണ്ടതുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പി.എച്ച്. സെന്ററുകളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുവേണ്ട നടപടി

130 [5275] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പി.എച്ച്. സെന്ററുകളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുവേണ്ടി പണി കഴിപ്പിച്ച വാർഡുകളിൽ വേണ്ടത്ര സ്റ്റാഫിനെ നിയമിക്കാത്ത കാരണത്താൽ അവ പ്രവർത്തിപ്പിക്കുവാൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ രോഗികളെ ഈ വാർഡുകളിൽ കിടത്തി ചികിത്സിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിക്കാം.

മെഡിക്കൽ കോളേജ് ആശുപത്രികളിലെ ന്യായവില മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം

131 [5276] ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ന്യായവില മെഡിക്കൽ സ്റ്റോറുകൾ ആരുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്;

(ബി) ഓരോ മെഡിക്കൽ കോളേജിലെയും ഇത്തരം ന്യായവില മെഡിക്കൽ സ്റ്റോറുകളുടെ ദിവസ വരുമാനം എത്രയാണെന്ന് കഴിഞ്ഞ 5 വർഷത്തെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly